# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 285** — **30.11.2015-ൽ മറുപടിക്ക്**

### അയ്യന്തോളിലെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അയ്യന്തോളിലെ കോൺഗ്രസ്സ് ഗ്രൂപ്പ് വഴക്കിനെ തുടർന്നുള്ള കൊലപാതകങ്ങളിൽ, മന്ത്രിയും എം.എൽ.എയും അടക്കമുള്ള ഉന്നത കോൺഗ്രസ്സ് നേതാക്കൾക്ക് പങ്കുള്ളതായി കൊലചെയ്യപ്പെട്ട ലാൽജി കൊള്ളന്നൂരിന്റെ അമ്മ ഓമന ജോർജ് വെളിപ്പെടുത്തിയിരുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു മന്ത്രിയുമായുണ്ടായ പ്രശ്നത്തിന്റെ പേരിൽ തങ്ങളുടെ കുടുംബത്തെ തകർത്തെറിഞ്ഞ ഒരു സി.ഐ.യും എസ്.ഐ.യും മന്ത്രിയുടെ സ്റ്റാഫംഗങ്ങളും 2 കൗൺസിലർമാരെ സംബന്ധിച്ചും മറ്റും കാണിച്ച് ശ്രീമതി ഓമന ജോർജ്ജ് തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയ്ക്ക് പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സർക്കാരിന് പരാതി ഉന്നയിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന വിവരം ലഭ്യമാക്കുമോ ; | (ബി) മേൽ പരാതിക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) കൊലപാതകം സംബന്ധിച്ച അന്വേഷണം സത്യസന്ധമായി നടത്തണമെന്ന് ഓമനാ ജോർജിന്റെ ഹർജിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (സി) പരാതി സംഗതിയിന്മേൽ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. |
| (ഡി) കേസിൽ ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവരിൽ കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണ്; വ്യക്തമാക്കുമോ ? | (ഡി) 2 പേർ. (1) ശ്രീ. പ്രേംജി കൊള്ളന്നൂർ, S/o. ജോർജ്, (2) ഷിനോജ്, S/o. ജോഷ്വ. |

സെക്ഷൻ ഓഫീസർ